LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി മണ്ഡലത്തിൽ പുതിയ പോളിക്ലിനിക്ക്

280 (3000) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിൽ പുതുതായി ഒരു വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഗുരുവായൂർ ക്ഷേത്രത്തിലെ ആനകളുടെ ചികിത്സ

281(3001) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ എഴുപതോളം ആനകളുടെ ചികിത്സ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി ആധുനിക ചികിത്സാകേന്ദ്രം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല. ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുള്ള 44 ആനകളുടെ ചികിത്സയ്ക്കായി 5 ഡോക്ടർമാരെ ഉൾപ്പെടുത്തിയ "ജീവധനം" വിദഗ്ധസമിതി നിലവിലുണ്ട്. കൂടാതെ അവിടത്തെ ആനകൾക്ക് അത്യാവശ്യ ചികിത്സകളും മറ്റുസേവനങ്ങളും ഗുരുവായൂർ നഗരസഭയിലെ മൂന്ന് മൃഗാശുപത്രികളിലെ വെറ്ററിനറി സർജന്മാർ ചെയ്തുവരുന്നുണ്ട്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

282(3002) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്താട്ടുകുളത്തെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ മുൻസർക്കാരിന്റെ കാലയളവിൽ കാലാവധി കഴിഞ്ഞ മീറ്റ് ഒഴിവാക്കിയതിലൂടെ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയിൽ കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ ഉല്പന്നങ്ങൾ സ്റ്റോക്കിൽനിന്നും മാറ്റി അതിനെ ഉപോല്പന്നമായ എല്ലുപൊടിയും ടാലോയുമാക്കി മാറ്റി വില്പന നടത്തുന്നു. ഇത്തരത്തിൽ ഉപയോഗശൂന്യമായത് ആകെ ഉത്പാദനത്തിന്റെ 1%-ൽ താഴെയാണ്. കമ്പനിയിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിയും ഇറച്ചി ഉത്പന്നങ്ങളും 1% വരെ റൈറ്റ് ഓഫ് ചെയ്യുന്നത് അനുവദനീയമാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2011-2016-ലെ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന കോഴിത്തീറ്റ/കാലിത്തീറ്റ ഫീഡ് മില്ല്, പ്രവർത്തനം നിർത്താൻ ഇടയായ കാരണമെന്തെന്ന് വിശദമാക്കാമോ?

2011-16-ലെ സർക്കാരിന്റെ കാലത്തും ഫീഡ് മിക്സിങ് പ്ലാന്റ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നില്ല. കമ്പനി വളർത്തുന്ന പന്നികൾക്കും കോഴികൾക്കും തീറ്റ നൽകാനായിരുന്നു ഇത് സ്ഥാപിച്ചത്. വ്യാവസായികാടിസ്ഥാനത്തിൽ വിൽക്കാനല്ല. ഇക്കാരണത്താൽ ഇതിന്റെ ലാഭനഷ്ടങ്ങൾ പ്രത്യേകമായി കണക്കാക്കിയിരുന്നില്ല. കോവിഡ് കാരണത്താലും അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വില കാരണവും ഫീഡ്മില്ലിൽകൂടി ഫീഡ് ഉണ്ടാക്കുന്ന പ്രവൃത്തി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. നഷ്ടം കൂടാതെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന സാഹചര്യത്തിൽ ഇത് തുടർന്നു പ്രവർത്തിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) ഏങ്ങൂർ വിളക്കുപാറ പഞ്ചായത്തിൽ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനായി മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഏങ്ങൂർ വിളക്കുപാറ പഞ്ചായത്തിൽ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി പ്രകാരം 1350 ലക്ഷം രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ നാളിതുവരെയായി നബാർഡ് വായ്പയായി 750 ലക്ഷം രൂപയും സർക്കാരിൽ നിന്ന് 100 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ കെട്ടിടസമുച്ചയ നിർമ്മാണം പൂർത്തിയായി. Indigenous യന്ത്രസാമഗ്രികളും സംഭരിച്ചുകഴിഞ്ഞു. ഇറക്കുമതി ചെയ്യുന്ന യന്ത്രസാമഗ്രികൾ ഓഗസ്റ്റ് രണ്ടാം വാരത്തോടെ എത്തും. ഇവയ്ക്കെല്ലാമായി ഇതുവരെ 8,28,74,002 രൂപ (എട്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തി നാലായിരത്തി രണ്ട് രൂപ) ചെലവായിട്ടുണ്ട്.

(ഡി) പുതിയ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് മീറ്റ് ടെക് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനിയുമായി കേസ് നിലവിലുണ്ടോ; വിശദമാക്കാമോ?

പുതിയ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് മീറ്റ്ടെക് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ടി കമ്പനിക്ക് 2014-ലെ സർക്കാരിന്റെ കാലത്ത് ഇടയാറിലെ ഹൈ ടെക് സ്ലോട്ടർ ഹൗസ് നിർമ്മാണത്തിന്റെ കോൺട്രാക്ട് നൽകിയിരുന്നു. പ്രസ്തുത കമ്പനി എറണാകുളം ആർബിട്രൽ ട്രിബ്യൂണലിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിൽ നടപടികൾ തുടർന്നുവരുന്നു.